(സി) ഇതു സംബന്ധിച്ച് പി.എസ്.സി. വിജിലൻസ് വിഭാഗവും അന്വേഷണം നടത്തിയ മറ്റ് പോലീസ് ഉദ്യോഗസ്ഥരും വസ്തുത നിലപാടുകൾ സ്വീകരിച്ച് കൊണ്ടുള്ള റിപ്പോർട്ടുകൾ നല്കിയിരുന്നുവോ ;

(ഡി) സംസ്ഥാന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ആരോപണം ഉയർന്ന സാഹചര്യത്തിൽ ഈ കേസന്വേഷണം മറ്റേതെങ്കിലും സ്വതന്ത്ര ഏജൻസിയെ ഏല്പിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ : എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇരവിപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1597/10-ആയി ഐ.പി.സി. 406, 409, 417, 420, 468, 201, 120 ബി r/w 34, ITA 66 എന്നീ വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസ് കൊല്ലം ഡി.വൈ.എസ്.പി.ബി. കൃഷ്ണകുമാറിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം അന്വേഷിച്ചുവരുന്നു.

(ബി) അന്വേഷണം തുടർന്നുവരുന്ന ഈ ഘട്ടത്തിൽ രണ്ടുപേർ ഉൾപ്പെട്ടിരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) അന്വേഷണം പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇത്തരത്തിലൊരു നിഗമനത്തിലെത്തുന്നത് ഉചിതമായിരിക്കില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

പി.എസ്.സി. നിയമനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം

50(255) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമനങ്ങളുമായി ബന്ധപ്പെട്ട് പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ ക്രമക്കേടും, തട്ടിപ്പും നടത്തിയതായി ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അവയുടെ അന്വേഷണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പി.എസ്.സി. നിയമനത്തിനു തയ്യാറാക്കിയ ലിസ്റ്റുകളിലെ ക്രമക്കേട് സംബന്ധിച്ചോ, ആൾമാറാട്ടം നടത്തിയതു സംബന്ധിച്ചോ, നിയമനം നൽകാൻ കൈക്കൂലി ആവശ്യപ്പെട്ടതു സംബന്ധിച്ചോ കേസുകളുണ്ടോ ; വിശദ വിവരം നൽകുമോ ;

(സി) പി.എസ്.സി.-യുമായി ബന്ധമില്ലാത്ത നിയമനത്തട്ടിപ്പുകളെ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly